കേരള സർക്കാർ

നം.ഡി.എ 1/673/2017/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്,
തിരുവനന്തപുരം, 23.09.2017.

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ്- കോ-ഓർഡിനേഷൻ കമ്മിറ്റി യോഗം- സംബന്ധിച്ച്

സൂചന:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 23/08/2017ലെ 2.1, 2.2, 2.3 നമ്പർ തീരുമാനങ്ങൾ

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗങ്ങളിൽ എടുക്കുന്ന തീരുമാനങ്ങളിൽ ബന്ധപ്പെട്ട വകുപ്പുമേധാവികൾ കൃത്യമായി തുടർനടപടികൾ സ്വീകരിക്കുന്നില്ലായെന്ന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 23/08/2017 ൽ ചേർന്ന യോഗം വിലയിരുത്തി. ഇത് കാരണം കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക്/വകുപ്പുകൾക്ക് കഴിയുന്നില്ല. ഇനി മുതൽ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ ആദ്യ അജണ്ട മുൻ കോ-ഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനപ്രകാരം സ്വീകരിച്ച തുടർ നടപടികൾ സംബന്ധിച്ച അവലോകനമാണ്. തുടർ നടപടി സ്വീകരിക്കാൻ കൂടുതൽ സമയമാവശ്യമുള്ളവ തുടർന്ന് വരുന്ന കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ ചർച്ച ചെയ്യുന്നതാണ്. ആയതിനാൽ എല്ലാ വകുപ്പുകളും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും തദ്ദേശസ്വയംഭരണ വകുപ്പിലെ സെക്ഷനുകളും കോ-ഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനപ്രകാരം സ്വീകരിച്ച നടപടിയുടെ പകർപ്പ് അടുത്ത കോ-ഓർഡിനേഷൻ കമ്മിറ്റി യോഗത്തിന് മുൻപായി സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിനും തദ്ദേശസ്വയംഭരണ(ഡി.എ.)വകുപ്പിനും അവലോകനത്തിനായി നൽകേണ്ടതാണ്.

കോ-ഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കുന്നതിനായി പല തദ്ദേശഭരണ സ്ഥാപനങ്ങളും നൽകുന്ന കത്തുകളിൽ വിശദാംശങ്ങൾ ഇല്ല. അങ്ങനെ വിശദാംശങ്ങൾ ഇല്ലായെങ്കിൽ അവ തദ്ദേശസ്വയംഭരണ വകുപ്പ്/എസ്.ആർ.ജി. മുഖേന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തിരികെ നൽകി ആവശ്യമായ വിവരങ്ങൾ സഹിതം പുനർസമർപ്പിക്കേണ്ടതാണ്. വെറ്റിംഗ് ഓഫീസർ, ജില്ലാതല/സംസ്ഥാനതല അപ്പീൽ കമ്മിറ്റികൾ തീരുമാനമെടുക്കേണ്ടവ കോ-ഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കുന്നതല്ല. കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ പരിഗണിക്കേണ്ട

വിഷയങ്ങൾ 4 ദിവസം മുമ്പെങ്കിലും എസ്.ആർ.ജി.യിൽ ലഭിച്ചിരിക്കണം. അതിനുശേഷം ലഭിക്കുന്നവ പിന്നീടുള്ള കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ മാത്രമേ പരിഗണിക്കുകയുള്ളൂ.

വകുപ്പുമേധാവികൾ കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ നേരിട്ട് ഫയൽ സമർപ്പിക്കുമ്പോൾ അവ പരിശോധിച്ച് കുറിപ്പ് തയ്യാറാക്കാൻ കഴിയുന്നില്ല. അതിനാൽ ഇത്തരം ഫയലിന്മേൽ എടുക്കുന്ന തീരുമാനങ്ങൾക്ക് വ്യക്തതക്കുറവ് വരുന്നുണ്ട്. ഇനി മുതൽ ഇത്തരം ഫയലുകൾ പരിശോധിച്ച് അജണ്ടയിൽ ഉൾപ്പെടുത്തക്ക രീതിയിൽ എസ്.ആർ.ജി. മുഖേന കോ-ഓർഡിനേഷൻ കമ്മിറ്റിക്കു സമർപ്പിക്കേണ്ടതാണ്.

എൻ.വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ് , തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും } (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൺമാർക്കും/സെക്രട്ടറിമാർക്കും } (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും(ഗ്രാമവികസന കമ്മീഷണർ മുഖേന)
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ളാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി
പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി. എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി. എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും

ഉത്തരവിൻ പ്രകാരം

Saradadevi

സെക്ഷൻ ഓഫീസർ